**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2600** | **09.05.2017 ൽ മറുപടിയ്ക്ക്**

## നാളികേര പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.ആന്റണി ജോൺ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഏകദേശം 35 ലക്ഷം ജനങ്ങൾ ഉപജീവനത്തിനായി ആശ്രയിക്കുന്ന നാളികേര കൃഷി മേഖലയിലെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) കേര കർഷകരുടെ പ്രതീക്ഷയായിരുന്ന നീരയുടെ പ്രചാരവും വിപണനവും പരാജയപ്പെട്ടതിനാൽ സർക്കാർ ഇടപെട്ട് ഉല്പന്നത്തിന് പ്രചാരം നൽകുമോ; | ബി) നീരയുടെ പ്രചാരണത്തിനും വിപണനത്തിനും വ്യാപനത്തിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. |
| സി) മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണത്തിനായി നാളികേര പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | സി) സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത കാർഷികോല്പന്നങ്ങൾക്കു വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകൾ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി പ്രീ-ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് നാബ്കോൺസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

S. [signature]
**സെക്ഷൻ ഓഫീസർ**